''ഭരണഭാഷ-മാതൃഭാഷ''

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ:എച്ച്1/34015/14

ചാക്ക, തിരുവനന്തപുരം
തീയതി: 26.09.2014

**ചുറ്ററിയിപ്പ്**

വിഷയം:- വ്യവസായ പരിശീലന വകുപ്പ്- ഡി.ജി.ഇ.റ്റിയിൽ നിന്നും പ്രിന്റ് ചെയ്ത് ലഭിച്ചിട്ടുള്ള എൻ.ടി.സികളിൽ ന്യൂനതകൾ കണ്ടെത്തിയിട്ടുള്ളതും ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടുകളിൽ സൂക്ഷിക്കുന്നതുമായ എൻ.ടി.സികൾ ഈ കാര്യാലയത്തിൽ സറണ്ടർ ചെയ്യുന്നത്- സംബന്ധിച്ച്.

ഫെബ്രുവരി 2012 വർഷം വരെയുള്ള ട്രേഡ് ടെസ്റ്റുകൾ വിജയിച്ച ട്രെയിനികളെ സംബന്ധിച്ച വിവരം നിശ്ചിത ഫോർമാറ്റുകൾ പ്രകാരം തയ്യാറാക്കി ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ലഭ്യമാക്കിയിരിക്കുന്നത് സി.ഡിയിൽ ഉൾപ്പെടുത്തി ഡി.ജി.ഇ.റ്റിയിൽ നൽകിയതനുസരിച്ച് ഡി.ജി.ഇ.റ്റിയിൽ നിന്നും പ്രിന്റ് ചെയ്ത് ലഭ്യമാക്കിയിരുന്ന എൻ.ടി.സികൾ ട്രെയിനിംഗ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട രേഖകൾ പ്രകാരം പരിശോധിച്ച് മേലൊപ്പു ചാർത്തി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വിതരണം നടത്തിയിരുന്നു. ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നുള്ള നിർദ്ദേശത്തിനു വിധേയമായി ടി വിതരണം നടത്തിയിരുന്ന എൻ.ടി.സികൾ ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടുകളിലെ രേഖകൾ പ്രകാരം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ചില എൻ.ടി.സികളിൽ ന്യൂനതകൾ കണ്ടെത്തിയതായും, ഇപ്രകാരം ന്യൂനതകൾ കണ്ടെത്തിയ എൻ.ടി.സികൾ ബന്ധപ്പെട്ടവർക്ക് വിതരണം നടത്താതെ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ തന്നെ സൂക്ഷിക്കുന്നതായും പ്രിൻസിപ്പാൾമാർ അറിയിച്ചിരുന്നു. ട്രെയിനികളെ സംബന്ധിക്കുന്ന തെറ്റായ വിവരം നിശ്ചിത ഫോർമാറ്റിൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ലഭ്യമാക്കിയിരുന്നതിനാലാണ് ഇപ്രകാരം ന്യൂനതകൾ സംഭവിച്ചിട്ടുള്ളതെന്ന് കാണുന്നു. ടി ന്യൂനതകൾ സംബന്ധിച്ചിട്ടുള്ള മുഴുവൻ എൻ.ടി.സികളേയും സംബന്ധിക്കുന്ന ശരിയായ വിവരം നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി സി.ഡിയിൽ ഉൾപ്പെടുത്തി ഉടൻ നൽകണമെന്ന് ഡി.ജി.ഇ.റ്റിയിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഡി.ജി.ഇ.റ്റിയിൽ നിന്ന് പ്രിന്റ് ചെയ്ത് ലഭിച്ചിട്ടുള്ള പുതിയ രീതിയിലുള്ള എൻ.ടി.സികളിൽ ന്യൂനതകൾ ഉള്ളതുമൂലം ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടുകളിൽ സൂക്ഷിക്കുന്ന മുഴുവൻ എൻ.ടി.സികളും താഴെ പറയുന്ന നിബന്ധനകൾ പാലിച്ച് 06.10.14 ന് വൈകുന്നേരം 5 മണിക്കകം പ്രത്യേക ദൂതൻ മുഖാന്തിരം ചാക്ക ഐ.ടി.ഐ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന പരീക്ഷാവിഭാഗത്തിൽ എത്തിക്കേണ്ടതാണ്.

ഡി.ജി.ഇ.റ്റിയിൽ നിന്നും പ്രിന്റ് ചെയ്ത് ലഭിച്ചിട്ടുള്ള എൻ.ടി.സികളിൽ ന്യൂനതകൾ കണ്ടെത്തിയ എൻ.ടി.സികൾ ഈ കാര്യാലയത്തിൽ ലഭ്യമാക്കുമ്പോൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ കർശനമായും പാലിക്കേണ്ട നിബന്ധനകൾ

1. ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്ന പ്രൊഫോർമയിൽ ഓരോ എൻ.ടി.സിയുടേയും അപാകത സംബന്ധിച്ച വിശദ വിവരം കൃത്യമായി രേഖപ്പെടുത്തി, ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി, പ്രൊഫോർമയിൽ രേഖപ്പെടുത്തിയിട്ടുള്ള ക്രമനമ്പർ പ്രകാരം എൻ.ടി.സികൾ ക്രമമായി അടുക്കി വിശദമായ ശുപാർശ കത്തും പ്രൊഫോർമയും ഉൾപ്പെടെ ടി ന്യൂനതകൾ സംഭവിച്ച എൻ.ടി.സികൾ സറണ്ടർ ചെയ്യേണ്ടത്.
2. ഓരോ എൻ.ടി.സിയുടേയും അപാകതകൾ പരിഹരിയ്ക്കുന്നതിന് ആവശ്യമായ രേഖകൾ (എസ്.എസ്.എൽ.സി.പകർപ്പ്, അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് മുതലായവ) ലഭ്യമാണെങ്കിൽ അവ കൂടി ഓരോ എൻ.ടി.സിയോടൊപ്പം ചേർത്ത് എൻ.ടി.സികൾ സറണ്ടർ ചെയ്യേണ്ടതാണ്.
3. ന്യൂനതകൾ പരിഹരിയ്ക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമല്ലായെന്നത് ടി എൻ.ടി.സികൾ പൂർണ്ണമായി ഈ കാര്യാലയത്തിൽ സറണ്ടർ ചെയ്യാതിരിക്കുന്നതിനുള്ള മതിയായ കാരണമല്ല.
4. 8/10/14 നകം ടി എൻ.ടി.സികളിലെ അപാകതകൾ സംഭവിച്ച ശരിയായ വിവരം ഡി.ജി.ഇ.റ്റിയിൽ നൽകേണ്ടതിനാൽ 6.10.14 നു ശേഷം ലഭിക്കുന്ന യാതൊരു ശുപാർശകളും പരിഗണിക്കുന്നതല്ല.
5. ടി ന്യൂനതകൾ സംഭവിച്ചിട്ടുള്ള എൻ.ടി.സികൾ 06.10.2014 ന് മുമ്പ് ഈ കാര്യാലയത്തിൽ സറണ്ടർ ചെയ്യാത്തതു മൂലം എൻ.ടി.സികൾ ബന്ധപ്പെട്ടവർക്ക് വിതരണം നടത്താൻ സാധിക്കാതെ വരുന്ന സാഹചര്യം ഉണ്ടായാൽ ബന്ധപ്പെട്ടവർക്കെതിരെ [redacted] [redacted] അച്ചടക്ക/നിയമ നടപടികൾ കൈക്കൊള്ളുന്നതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

എല്ലാ ഐ.ടി.മാർക്കും (മേൽനോട്ടം വഹിക്കുന്നതിന്)

**പ്രൊഫോർമ**

| I | II | III | IV | V | VI | VII | VIII |
|---|---|---|---|---|---|---|---|
| | | | | | അപാകത സംഭവിച്ച വിശദവിവരം | | |
| ക്രമ നം. | ട്രേഡ് ടെസ്റ്റ് നടന്ന വർഷം | ട്രേഡ് | എൻ.ടി.സി നം | ട്രെയിനി യുടെ പേര് | എൻ.ടി.സിയിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് | പുതിയതായി പ്രിന്റ് ചെയ്ത് ലഭ്യമാക്കേണ്ട എൻ.ടി.സിയിൽ രേഖപ്പെടുത്തിയിരിക്കേണ്ട ശരിയായ വിവരം | അപാകത പരിശോധിക്കുന്നതിനാവശ്യമായ രേഖ ഹാജരാക്കിയിട്ടുണ്ടോ |
| | | | | | | | |

**ടി പ്രൊഫോർമയിൽ**

1. Column No.VII ൽ രേഖപ്പെടുത്തിയിട്ടുള്ള വിവരം ബന്ധപ്പെട്ട ആധികാരികമായ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ്വരുത്തിയിട്ടുണ്ടെന്നും ഏതെങ്കിലും കാരണവശാൽ Column No.VII ൽ തെറ്റായ വിവരം രേഖപ്പെടുത്തി ലഭ്യമാക്കിയതു മൂലം ന്യൂനതയുള്ള എൻ.ടി.സി വീണ്ടും ഡി.ജി.ഇ.റ്റിയിൽ നിന്നും പ്രിന്റ് ചെയ്ത് ലഭ്യമാക്കാനിടയായാൽ ടി എൻ.ടി.സി ബന്ധപ്പെട്ടവർക്ക് വിതരണം നടത്താൻ കഴിയാത്തതിലുള്ള പൂർണ്ണ ഉത്തരവാദിത്തം എനിക്ക് മാത്രമാണെന്ന് ഞാൻ ഉറപ്പു നൽകുന്നു.

2. ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും കൈപ്പറ്റിയിട്ടുള്ള പുതിയ രീതിയിലുള്ള (പ്രിന്റ് ചെയ്ത് ലഭ്യമാക്കിയിട്ടുള്ള) എൻ.ടി.സികൾ മുഴുവനും ഈ കാര്യാലയത്തിലെ ബന്ധപ്പെട്ട രേഖകൾ പ്രകാരം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയെന്നും ടി പ്രൊഫോർമയിൽ പറയുന്ന ................എണ്ണം എൻ.ടി.സികൾ ഒഴികെ മറ്റ് യാതൊരു എൻ.ടി.സികളിലും യാതൊരു ന്യൂനതയും കണ്ടെത്തിയിട്ടില്ലയെന്നും, ന്യൂനതകൾ കണ്ടെത്തിയിട്ടുള്ള യാതൊരു എൻ.ടി.സിയും ഈ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടില്ലയെന്നും ഞാൻ ഉറപ്പു വരുത്തുന്നു.

3. ടി പ്രൊഫോർമയിൽ പറയുന്ന ന്യൂനതകൾ സംഭവിച്ചിട്ടുള്ള മുഴുവൻ എൻ.ടി.സികൾക്കും പിഴയിനത്തിൽ നിശ്ചയിക്കപ്പെടുന്ന തുക ഒടുക്കാൻ ഞാൻ ബാധ്യസ്ഥനാണ്.

(ഓഫീസ് മുദ്ര)

ഒപ്പ്
പ്രിൻസിപ്പാളിന്റെ പേര്
ഔദ്യോഗിക മേൽവിലാസം/മുദ്ര

തീയതി:

എ-26.9.14